പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4298 — 24.06.2019 ൽ മറുപടിയ്ക്ക്

## നെന്മാറ ഐ.ടി.ഐ.യ്ക്ക് അനുവദിച്ച സ്ഥലം

*ചോദ്യം*

ശ്രീ.കെ. ബാബു :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| **(എ)** നെന്മാറ സർക്കാർ ഐ.ടി.ഐ. എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നു വിശദമാക്കുമോ ; | | **(എ)** ഗ്രാമപഞ്ചായത്ത് വാടക രഹിതമായി ലഭ്യമാക്കിയ കെട്ടിടത്തിലാണ് കഴിഞ്ഞ 9 വർഷമായി നെൻമാറ ഐ.ടി.ഐ പ്രവർത്തിച്ച വരുന്നത്. |
| **(ബി)** ഈ ഐ.ടി.ഐ.യ്ക്ക് ഇറിഗേഷൻ വകുപ്പിൽ നിന്നും അനുവദിച്ച സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;<br><br>**(സി)** സ്ഥലം കൈമാറി കിട്ടുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീ കരിക്കാനുള്ളതെന്ന് വിശദമാക്കുമോ ? | | **(ബി) & (സി)** നെൻമാറ ഐ.ടി.ഐ - യ്ക്കായി ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ചിറ്റൂർ താലൂക്ക്, വല്ലങ്ങി വില്ലേജ്, ബ്ലോക്ക് 56, റീസർവ്വെ നമ്പർ 497/10 ൽ ഉൾപ്പെട്ട 1.0120 ഹെക്ടർ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് ആക്ഷേപമില്ല എന്ന് ജലസേചന വകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി നല്കുന്ന വിഷയം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വ്യാവസാ യിക പരിശീലന വകുപ്പ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ